## സഹായ ഉപകരണ വിതരണ പദ്ധതി

അംഗപരിമിതരുടെ അവകാശ സംരക്ഷണവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പുവരുത്തി രാഷ്ട്രനിർമ്മാണത്തിന് പ്രാപ്തരാക്കുന്നതിന് അവർക്ക് തടസ്സമാകുന്ന ഭിന്നശേഷിത്വം മറികടക്കാൻ ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങളായ Joy stick Operated Wheel Chair, Smart Phone with Screen Reader, Daisy Player, Cerebral Palsy Wheel Chair, Talking Calculator എന്നിവ നൽകുന്നതിനും അവരുടെ പുനരധിവാസവും ഉറപ്പു വരുത്തുന്ന പദ്ധതി.

## റീഡേഴ്സ് അലവൻസ് പദ്ധതി

സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് നടത്തുന്ന കാഴ്ച്ച വൈകല്യം ബാധിച്ചവരായ അഭിഭാഷകരുടെ വായനാസഹായികളുള്ള റീഡേഴ്സ് അലവൻസ് ആയി പ്രതിമാസം 4000/- രൂപയാണ് നൽകുന്നത്. അഭിഭാഷകർക്ക് നിയമപുസ്തകം, പ്രൊഫഷനൽ സ്യൂട്ട് വാങ്ങുന്നതിലേയ്ക്കായി എക്സ്ഗ്രേഷ്യ നോൺ റെക്കറിംഗ് ഫണ്ടായി ഒറ്റതവണ 3000/ രൂപ അനുവദിക്കുന്നുണ്ട്.

## 'സ്വാശ്രയ' പദ്ധതി

70% മുകളിൽ തീവ്ര മാനസിക- ശാരീരിക വെല്ലുവിളി നേരിടുന്ന മക്കളുള്ള മാതാവിന്/ രക്ഷിതാവിന് (സ്ത്രീകൾക്ക്) സ്വയം തൊഴിലിനായി ഒറ്റത്തവണ ധനസഹായം 35,000/-രൂപ നൽകുന്നു. ഭിന്നശേഷി തോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

## 'പരിണയം' പദ്ധതി

ഭിന്നശേഷിക്കാരായ രക്ഷിതാക്കളുടെ പെൺമക്കൾക്കും, ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായം നൽകുന്ന പദ്ധതി. ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ ധനസഹായമായി 30,000/- രൂപ അനുവദിക്കുന്നു.

**കേരള സർക്കാർ**

**സാമൂഹ്യനീതി വകുപ്പ്**

### ആമുഖം

ക്ഷേമരാഷ്ട്രം എന്ന സങ്കല്പത്തെ അടിസ്ഥാനമാക്കി സമൂഹത്തിൽ അവശത അനുഭവിക്കുന്ന എല്ലാവർക്കും നീതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 1975 സെപ്റ്റംബർ 9 മുതലാണ് സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് പ്രവർത്തനം ആരംഭിച്ചത്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ, നിരാലംബർ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ, മുൻതടവുകാർ, തടവുകാർ, തുടങ്ങിയവർക്കു വേണ്ടി വിവിധങ്ങളായ ക്ഷേമ പ്രവർത്തനങ്ങളും, സേവനങ്ങളും വകുപ്പിനു കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

### ബന്ധപ്പെടുക

Phone: 0471-2306040
Email: swdkerala@gmail.com
Web: sjd.kerala.gov.in

facebook.com/sjd.suneethi

youtube.com/c/SocialJusticeKerala

SOCIAL JUSTICE DEPARTMENT
care, protection & empowerment

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ
തിരുവനന്തപുരം,
695 033



# സാമൂഹ്യനീതി വകുപ്പ്

## " ഉണർവ് 2021 "

## അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷം

## (2021 ഡിസംബർ 3)

ഭിന്നശേഷിക്കാർക്കായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ലഘുവിവരണം

## 'ശ്രേഷ്ഠം' പദ്ധതി

കലാ-കായിക മേഖലകളിൽ സംസ്ഥാനത്തെ/ രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നവരോ, സംസ്ഥാന/ ദേശീയ തല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരോ ആയ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം നൽകുന്ന പദ്ധതി.

## 'സ്നേഹയാനം' പദ്ധതി

നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെടുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസബിലിറ്റി എന്നിവ ബാധിച്ചവരുടെ നിർധനരായ അമ്മമാർക്ക് സ്ഥിരമായ ഒരു ഉപജീവനം കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന സൗജന്യമായി ഇലക്ട്രിക് ഓട്ടോ നൽകുന്നു.

## 'സഹജീവനം' ഭിന്നശേഷി സഹായ കേന്ദ്രം

സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാരായ വ്യക്തികൾക്കും അവരുടെ രക്ഷിതാക്കൾക്കും കോവിഡ് കാല പ്രയാസങ്ങളിൽ നിന്നും മാനസിക പിരിമുറുക്കങ്ങളിൽ നിന്നും മുക്തി നേടുന്നതിന് സഹായം ഒരുക്കുക എന്നതാണ് സഹജീവനം ഭിന്നശേഷി സഹായം കേന്ദ്രം കൊണ്ട് ലക്ഷ്യമിടുന്നത്. ഇതുവഴി രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസിലിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ ഉറപ്പുവരുത്തുന്നു.

## 'പ്രത്യാശ' പദ്ധതി

സൈക്കോ-സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും വകുപ്പിന്റെ 31 ക്ഷേമ സ്ഥാപനങ്ങളിലും അന്യ സംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്ത് എത്തിച്ച് അവരുടെ കുടുംബവുമായി പുനഃസംയോജിപ്പിക്കുന്ന പദ്ധതി.

## നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസബിലിറ്റി തുടങ്ങിയ ഭിന്നശേഷിക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി. ഇൻഷുറൻസ് പ്രീമിയം തുക മുഴുവനായും സംസ്ഥാന സർക്കാർ അടച്ച് ഗുണഭോക്താക്കൾക്ക് സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഒരുക്കുന്നു.

## 'മാതൃജ്യോതി ' പദ്ധതി

ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് മുഖേന പ്രതിമാസം 2,000/- രൂപ ക്രമത്തിൽ കുഞ്ഞിന് 2 വയസ്സ് ആകുന്നതുവരെ ധനസഹായം അനുവദിക്കുന്ന പദ്ധതി.

## 'പരിരക്ഷ ' പദ്ധതി

അടിയന്തര സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമാണ്. ആയത് ഉറപ്പാക്കുന്ന തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് അനിവാര്യമാണ്. പരിരക്ഷ എന്ന പേരിൽ ഒരു പദ്ധതി അംഗപരിമിതരുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്നു.

## നിയമപരമായ രക്ഷാകർതൃത്വം

ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസബിലിറ്റി തുടങ്ങിയ ഭിന്നശേഷിക്കാർക്ക് 18 വയസ്സിന് ശേഷം നിയമപരമായ കാര്യങ്ങൾ ചെയ്യുന്നതിന് രക്ഷിതാക്കൾക്ക് നിയമപരമായ രക്ഷാകർതൃത്വം ആവശ്യമാണ്. ജില്ല കളക്ടർ ചെയർമാൻ ആയ LLC-കൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## 'സഹചാരി ' പദ്ധതി

പരസഹായം ആവശ്യമായ ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന / പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്ന പദ്ധതി.

## 'വിജയാമൃതം' പദ്ധതി

ഭിന്നശേഷിത്വത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി/തത്തുല്യ കോഴ്സ്, പി.ജി/പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം.

## 'വിദ്യാജ്യോതി ' പദ്ധതി

ഭിന്നശേഷിയുള്ള കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർച്ചയിലേയ്ക്ക് നയിച്ച് സാമൂഹ്യാടിസ്ഥാനത്തിൽ മുന്നോട്ട് നയിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന വിദ്യാജ്യോതി പദ്ധതി നടപ്പാക്കുന്നു. പദ്ധതി പ്രകാരം സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 40%-മോ അതിന് മുകളിലോ ഭിന്നശേഷിയുള്ള ഒൻപതാം ക്ലാസ്സ് മുതൽ PG വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

## 'വിദ്യാകിരണം' പദ്ധതി

സാമ്പത്തിക പരാധീനത മൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു.